REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 26-05-2024 സമയം 12.30 PM

## പ്രധാന വാർത്തകൾ

- ഡൽഹിയിൽ കുട്ടികളുടെ ആശുപത്രിയിൽ ഉണ്ടായ വൻ തീപിടുത്തത്തിൽ ആറ് നവജാത ശിശുക്കൾ മരിച്ചു. രാഷ്ട്രപതിയും ഉപരാഷ്ട്രപതിയും അനുശോചിച്ചു.
- ഏഴാമത്തെയും അവസാനത്തെയും ഘട്ട വോട്ടെടുപ്പിന് പ്രചാരണം കൂടുതൽ ഊർജ്ജിതമായി. പരസ്യ പ്രചാരണം വ്യാഴാഴ്ച വൈകിട്ട് അവസാനിയ്ക്കും.
- കൈക്കൂലി വാങ്ങി ഗവണ്മെന്റ് മദ്യനയം രൂപീകരിക്കുന്നത് അംഗീകരിക്കാനാകില്ലെന്ന് കേന്ദ്ര സഹ മന്ത്രി വി മുരളീധരൻ. ടൂറിസം, എക്സൈസ്, മന്ത്രിമാർ രാജിവയ്ക്കണമെന്ന് പ്രതിപക്ഷ നേതാവ് V.D. സതീശൻ.
- നാലുവർഷ ബിരുദ കോഴ്സുകളിലേക്ക് പ്രവേശിക്കുന്നതിനു ഒരുക്കങ്ങൾ അതി വേഗം പൂർത്തിയാക്കി വരികയാണെന്ന് മന്ത്രി ഡോ. ആർ ബിന്ദു.
- റെമൽ ചുഴലിക്കാറ്റ് അർദ്ധരാത്രിയോടെ ബംഗ്ലാദേശിലും അതിനോട് ചേർന്ന പശ്ചിമ ബംഗാളിലും തീരം തൊടുമെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്.
- IPL ക്രിക്കറ്റ് ഫൈനലിൽ വൈകീട്ട് സൺറൈസേഴ്സ് ഹൈദരാബാദ് കൊൽക്കത്ത നൈറ്റ് റൈഡേഴ്സിനെ നേരിടും.

## വാർത്തകൾ വിശദമായി

ഡൽഹിയിൽ കുട്ടികളുടെ ആശുപത്രിയിൽ ഉണ്ടായ വൻ തീപിടുത്തത്തിൽ ആറ് നവജാത ശിശുക്കൾ മരിച്ചു. കിഴക്കൻ ഡൽഹിയിലെ വിവേക് വിഹാർ മേഖലയിലെ ഒരു ശിശു സംരക്ഷണ കേന്ദ്രത്തിലാണ് രാത്രി പതിനൊന്നരയോടെ തീപിടുത്തമുണ്ടായത്. 12 കുഞ്ഞുങ്ങളെ രക്ഷപ്പെടുത്തി. ആറ് പേർ ചികിത്സയിലാണ്.

✪✪✪

ന്യൂഡൽഹി ആശുപത്രിയിൽ നവജാത ശിശുക്കളുടെ ജീവൻ നഷ്ടപ്പെട്ടതിൽ രാഷ്ട്രപതി ദ്രൗപതി മുർമു, ഉപരാഷ്ട്രപതി ജഗദീപ് ധൻഖർ എന്നിവർ ദുഃഖം രേഖപ്പെടുത്തി. കുട്ടികളുടെ മാതാപിതാക്കൾക്ക് ആഘാതം മറികടക്കാൻ കരുത്ത് ലഭിക്കട്ടെയെന്നും പരിക്കേറ്റ കുട്ടികൾ അതിവേഗം സുഖം പ്രാപിക്കട്ടെയെന്നും രാഷ്ട്രപതി പറഞ്ഞു.

മരിച്ചവരുടെ കുടുംബാംഗങ്ങളെ അനുശോചനം അറിയിച്ച ഉപരാഷ്ട്രപതി ജഗദീപ് ധൻഖർ പരിക്കേറ്റവർ ഉടൻ സുഖം പ്രാപിക്കട്ടെയെന്ന് പറഞ്ഞു.

✪✪✪

ഏഴാമത്തെയും അവസാനത്തെയും ഘട്ട വോട്ടെടുപ്പിന് പ്രചാരണം കൂടുതൽ ഊർജ്ജിതമായി. പരസ്യ പ്രചാരണം വ്യാഴാഴ്ച വൈകിട്ട് അവസാനിയ്ക്കും. ഏഴ് സംസ്ഥാനങ്ങളിലെയും ചണ്ഡിഗഡിലെയും 57 ലോക്സഭാ മണ്ഡലങ്ങളാണ് അവസാന ഘട്ടത്തിൽ വിധിയെഴുതുന്നത്.

പഞ്ചാബിലും ഉത്തർപ്രദേശിലും 13 വീതവും പശ്ചിമ ബംഗാളിൽ ഒൻപതും ബീഹാറിൽ എട്ടും ഒഡീഷയിൽ ആറും ഹിമാചൽ പ്രദേശിൽ നാലും ജാർഖണ്ഡിൽ മൂന്നും ഛണ്ഡീഗഡിൽ ഒന്നും മണ്ഡലങ്ങളിലാണ് ശനിയാഴ്ച വിധിയെഴുത്ത്.

രാഷ്ട്രീയ പാർട്ടികളുടെ ദേശീയ സംസ്ഥാന നേതാക്കൾ പ്രചാരണ രംഗത്ത് സജീവമാണ്.

✪✪✪

പ്രധാനമന്ത്രിയും മുതിർന്ന ബി.ജെ.പി നേതാവുമായ നരേന്ദ്രമോദി ഉത്തർപ്രദേശിൽ ഇന്ന് തെരഞ്ഞെടുപ്പ് പ്രചാരണ റാലികളിൽ പങ്കെടുക്കും. മിർസാപൂർ, ഘോഷി, ബസ്ഗാവ് എന്നിവിടങ്ങളിലാണ് റാലികൾ.

കോൺഗ്രസ് നേതാവ് രാഹുൽഗാന്ധി ഹിമാചൽ പ്രദേശിൽ തെരഞ്ഞെടുപ്പ് പ്രചാരണ പരിപാടിയെ അഭിസംബോധന ചെയ്യും. ഉന, നഹാൻ എന്നിവിടങ്ങളിലാണ് അദ്ദേഹം പ്രചാരണത്തിനെത്തുന്നത്.

✪✪✪

ഇന്നലെ നടന്ന ലോക്സഭാ തെരഞ്ഞെടുപ്പിന്റെ ആറാം ഘട്ടത്തിൽ 61 ശതമാനത്തിലധികം പോളിങ്. രാത്രി 11.30 വരെ ലഭ്യമായ കണക്കുകൾ അനുസരിച്ചാണിത്.

ആറ് സംസ്ഥാനങ്ങളിളെയും രണ്ട് കേന്ദ്രഭരണ പ്രദേശങ്ങളിലെയും 58 ലോക്സഭാ മണ്ഡലങ്ങളിൽ നടന്ന വോട്ടെടുപ്പ് സമാധാനപരമായിരുന്നു.

ജമ്മു കശ്മീരിലെ അനന്ത്നാഗ്-രജൗരി പാർലമെന്ററി മണ്ഡലത്തിൽ 54 ശതമാനത്തിലധികം പോളിംഗ് രേഖപ്പെടുത്തി, ഇത് കഴിഞ്ഞ 35 വർഷത്തിനിടയിലെ ഏറ്റവും ഉയർന്ന പോളിംഗ് ആണ്. പശ്ചിമ ബംഗാളിൽ 79 ഉം ഒഡീഷയിൽ 69 ഉം ജാർഖണ്ഡിൽ 64ഉം ഹരിയാനയിൽ 60ഉം ഡൽഹിയിൽ 58ഉം ബിഹാറിൽ 55 ഉം ഉത്തർപ്രദേശിൽ 54ഉം ശതമാനമാണ് വോട്ട് രേഖപ്പെടുത്തിയത്.

മൂന്നാം ഘട്ടത്തിൽ ഒഡീഷ നിയമസഭയിലെ 42 സീറ്റുകളിലേക്ക് നടന്ന വോട്ടെടുപ്പിൽ രാത്രി 11.30 വരെ 70 ശതമാനത്തിലധികമാണ് പോളിംഗ്.

ആറാം ഘട്ടം അവസാനിച്ചതോടെ 28 സംസ്ഥാനങ്ങളിലെയും കേന്ദ്ര ഭരണ പ്രദേശങ്ങളിലെയും 486 ലോക്സഭാ മണ്ഡലങ്ങളിൽ വോട്ടെടുപ്പ് പൂർത്തിയായി. ബാക്കി 57 മണ്ഡലങ്ങളിൽ ഏഴാമത്തെയും അവസാനത്തെയും ഘട്ടത്തിൽ ശനിയാഴ്ച്ചയാണ് വോട്ടെടുപ്പ്.

ആന്ധ്രാപ്രദേശ്, അരുണാചൽ പ്രദേശ്, സിക്കിം, നിയമസഭാ തെരഞ്ഞെടുപ്പുകളും ഇതിനകം പൂർത്തിയായി. 147 അംഗ ഒഡീഷ നിയമസഭയിൽ 105 മണ്ഡലങ്ങൾ മൂന്ന് ഘട്ടങ്ങളിലായി വിധിയെഴുതിക്കഴിഞ്ഞു. ശേഷിക്കുന്ന 42 സീറ്റുകളിൽ ശനിയാഴ്ച്ച വോട്ടെടുപ്പ് നടക്കും.

ലോക്സഭയിലെയും നാല് സംസ്ഥാനങ്ങളിലെയും ജനവിധി അടുത്ത മാസം നാലിന് അറിയാം.

✪✪✪

കൈക്കൂലി വാങ്ങി ഗവണ്മെന്റ് മദ്യനയം രൂപീകരിക്കുന്നത് അംഗീകരിക്കാനാകില്ലെന്ന് കേന്ദ്ര സഹ മന്ത്രി വി മുരളീധരൻ പറഞ്ഞു. ടൂറിസം, എക്സൈസ് മന്ത്രിമാർ അറിയാതെ മദ്യ നയ മാറ്റം നടക്കില്ലെന്ന് അദ്ദേഹം തിരുവനന്തപുരത്ത് പറഞ്ഞു. ഇതേ മോഡൽ കൈക്കൂലി കേസിലാണ് ഡൽഹി മുഖ്യമന്ത്രി അരവിന്ദ് കെജ്രിവാൾ അഴിയെണ്ണുന്നത്. കേന്ദ്ര ഏജൻസിയെ അന്വേഷണം ഏൽപ്പിക്കാൻ മുഖ്യമന്ത്രി തയ്യാറാകണമെന്നും വി മുരളീധരൻ ആവശ്യപ്പെട്ടു.

മന്ത്രി M.B രാജേഷ് വിദേശ യാത്രക്ക് അനുമതി തേടിയത് ഈ മാസം 22 ന് മാത്രമാണെന്നും അഞ്ച് രാജ്യങ്ങളിൽ പോകുന്നുണ്ടെന്നും അദ്ദേഹം പറഞ്ഞു. മന്ത്രിയുടെ യാത്രയുടെ സ്പോൺസർ ആരാണെന്നും അഞ്ച് രാജ്യങ്ങളിൽ പത്ത് ദിവസത്തോളം കുടുംബത്തോടൊപ്പം യാത്ര നടത്താനുള്ള കാശ് എവിടെ നിന്ന് ലഭിച്ചെന്നും അദ്ദേഹം ചോദിച്ചു.

✪✪✪

മദ്യനയ വിഷയത്തിൽ ടൂറിസം, എക്സൈസ്, മന്ത്രിമാർ രാജിവയ്ക്കണമെന്ന് പ്രതിപക്ഷ നേതാവ് V.D. സതീശൻ ആവശ്യപ്പെട്ടു. മന്ത്രിമാർ പച്ചക്കള്ളം പറയുകയാണെന്ന് അദ്ദേഹം കൊച്ചിയിൽ കുറ്റപ്പെടുത്തി . വിഷയത്തിൽ ടൂറിസം മന്ത്രി ഇടപെട്ടത് എക്സൈസ് മന്ത്രിയെ മറി കടന്നാണെന്നും പ്രതിപക്ഷ നേതാവ് ആരോപിച്ചു. ആരോപണങ്ങളിൽ മുഖ്യമന്ത്രി മൗനം പാലിക്കുന്നതിന് കാരണം എന്താണെന്നും വിജിലൻസ് അന്വേഷണം പ്രഖ്യാപിക്കാത്തത് എന്തു

കൊണ്ടാണെന്നും അദ്ദേഹം ചോദിച്ചു. സംസ്ഥാനത്ത് ആരോപണങ്ങൾ ഉന്നയിക്കുന്നവർക്കെതിരെ അന്വേഷണം നടക്കുന്ന സ്ഥിതിയാണ് കണ്ടുവരുന്നും സതീശൻ പറഞ്ഞു.

✪✪✪

മദ്യനയവുമായി ബന്ധപ്പെട്ട് വിവാദ ശബ്ദരേഖയുടെ പശ്ചാത്തലത്തിൽ എക്സൈസ്. ടൂറിസം മന്ത്രിമാർ ഒഴിയണമെന്നും വിഷയത്തിൽ ജുഡിഷ്യൽ അന്വേഷണം നടത്തണമെന്നും കോൺഗ്രസ് നേതാവ് K.മുരളീധരൻ ആവശ്യപ്പെട്ടു. ഇക്കാര്യത്തിൽ ഒരു വിട്ടുവീഴ്ചക്കും പ്രതിപക്ഷം തയ്യാറല്ല. ശക്തമായ പ്രക്ഷോഭ പരിപാടികൾ ആവിഷ്കരിക്കും. പ്ലസ്ടു വിഷയത്തിൽ പുതിയ ബാച്ചുകൾ അനുവദിക്കണമെന്നും അദ്ദേഹം കോഴിക്കോട്ട് ആവശ്യപ്പെട്ടു. സീറ്റുകളുടെ എണ്ണം കൂട്ടിയിട്ട് കാര്യമില്ലെന്നും മുരളീധരൻ പറഞ്ഞു.

✪✪✪

കാൻ ചലച്ചിത്രമേളയിൽ ചരിത്രം രചിച്ച് പായൽ കപാഡിയ സംവിധാനം ചെയ്ത ഓൾ വി ഇമാജിൻ ആസ് ലൈറ്റ് എന്ന ചിത്രത്തിന് *'ഗ്രാൻഡ് പ്രി'* പുരസ്കാരം. 80 ശതമാനവും മലയാളത്തിലൊരുക്കിയ ചിത്രത്തിലെ കേന്ദ്രകഥാപാത്രങ്ങളെ അവതരിപ്പിച്ചിരിക്കുന്നത് മലയാളി താരങ്ങളായ കനി കുസൃതിയും ദിവ്യപ്രഭയുമാണ്. അസീസ് നെടുമങ്ങാടും ചിത്രത്തിൽ കഥാപാത്രത്തെ അവതരിപ്പിച്ചിട്ടുണ്ട്.

ഗ്രാൻഡ് പ്രി' പുരസ്കാരം നേടുന്ന ആദ്യ ഇന്ത്യൻ ചിത്രമാണ് ഓൾ വി ഇമാജിൻ ആസ് ലൈറ്റ്. പാം ഡി ഓർ കഴിഞ്ഞാൽ കാനിലെ രണ്ടാമത്തെ മികച്ച പുരസ്കാരമാണ് ഗ്രാൻഡ് പ്രി.

മേളയിൽ പ്രശസ്ത മലയാളി ഛായാഗ്രാഹകനും സംവിധായകനുമായ സന്തോഷ് ശിവനെ ആദരിച്ചു.

★★★

സംസ്ഥാനത്ത് ഒരു മാസത്തെ ക്ഷേമ പെൻഷൻ വിതരണത്തിന് 900 കോടി രൂപ ഗവണ്മെന്റ് അനുവദിച്ചു. ബുധനാഴ്ച ക്ഷേമപെൻഷൻ വിതരണം ആരംഭിക്കുമെന്ന് ധനകാര്യ വകുപ്പ് അറിയിച്ചു. മാർച്ചിൽ ഒരു ഗഡുവും ഏപ്രിലിൽ രണ്ട് ഗഡുവും വിതരണം ചെയ്തിരുന്നു.

★★★

നാലുവർഷ ബിരുദ കോഴ്സുകളിലേക്ക് പ്രവേശിക്കുന്നതിനു ഒരുക്കങ്ങൾ വിവിധ സർവ്വകലാശാലകൾ അതി വേഗം പൂർത്തിയാക്കി വരികയാണെന്ന് മന്ത്രി ഡോ. ആർ ബിന്ദു പറഞ്ഞു. വിവിധ സർവ്വകലാശാലകൾ കേന്ദ്രീകരിച്ച് കോളേജ് പ്രിൻസിപ്പൽമാർക്കും അക്കാദമിക് കോർഡിനേറ്റർമാർക്കും പുതിയ സംവിധാനത്തെപ്പറ്റി അവബോധം നൽകുന്ന പരിപാടിയ്ക്ക് നാളെ തുടക്കമാവുമെന്നും മന്ത്രി തിരുവനന്തപുരത്ത് അറിയിച്ചു.

വളാഞ്ചേരി MES കെവീയെം കോളേജിലാണ് സംസ്ഥാനതല പരിപാടിയ്ക്ക് തുടക്കമാവുന്നത്.

✪✪✪

വടക്കൻ ബംഗാൾ ഉൾക്കടലിൽ രൂപപ്പെട്ട 'റെമൽ' ചുഴലിക്കാറ്റ് പശ്ചിമ ബംഗാളിലെ സാഗർ ദ്വീപിന് 270 കിലോമീറ്റർ തെക്ക് കിഴക്കായി തീവ്ര ചുഴലിക്കാറ്റായി മാറിയതായി കേന്ദ്ര കാലാവസ്ഥാ വകുപ്പ് അറിയിച്ചു. മണിക്കൂറിൽ 135 വരെ കിലോമീറ്റർ വേഗത്തിൽ വീശുന്ന ശക്തമായ ചുഴലിക്കാറ്റായി അർദ്ധരാത്രിയോടെ ഇത് വടക്കോട്ട് നീങ്ങി കൂടുതൽ ശക്തി പ്രാപിച്ച് ബംഗ്ലാദേശിലും അതിനോട് ചേർന്ന പശ്ചിമ ബംഗാളിലും തീരം തൊടുമെന്ന് കാലാവസ്ഥാ വകുപ്പ് അറിയിച്ചു.

✪✪✪

സംസ്ഥാനത്ത് മഴയുടെ ശക്തി കുറഞ്ഞു. വ്യാഴാഴ്ച്ച വരെ മഴ തുടരുമെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ് അറിയിച്ചു. കനത്ത മഴയ്ക്ക് സാധ്യത കണക്കിലെടുത്ത് ഇന്ന് പത്തനംതിട്ട,ആലപ്പുഴ, എറണാകുളം ജില്ലകളിൽ മഞ്ഞ ജാഗ്രത പുറപ്പെടുവിച്ചു.

✪✪✪

കണ്ണൂർ രാജ്യാന്തര വിമാനത്താവളത്തിലെ എമ്പാർക്കേഷൻ പോയിൻറിൽ നിന്ന് ഈ വർഷം പുറപ്പെടുന്ന ഹജ്ജ് വിമാനങ്ങളുടെ അന്തിമ പട്ടിക തയ്യാറായി. ശനിയാഴ്ച്ച പുലർച്ചെ 5.55ന് ആണ് ആദ്യവിമാനം.

കൂടുതൽ വിവരങ്ങളുമായി ആകാശവാണി കണ്ണൂർ ജില്ലാ പ്രതിനിധി കെ.ഒ.ശശിധരൻ.........

............വോയ്സ്,.........

✪✪✪

IPL ക്രിക്കറ്റ് ഫൈനലിൽ ഇന്ന് സൺറൈസേഴ്സ് ഹൈദരാബാദ് കൊൽക്കത്ത നൈറ്റ് റൈഡേഴ്സിനെ നേരിടും. ചെന്നൈ എംഎ ചിദംബരം സ്റ്റേഡിയത്തിൽ വൈകിട്ട് 7 .30ന് ആണ് മത്സരം.

ആദ്യ ക്വളിഫയറിൽ സൺറൈസേഴ്സ് ഹൈദരാബാദിനെ തോൽപ്പിച്ചാണ് കൊൽക്കത്ത നൈറ്റ് റൈഡേഴ്സ് നേരിട്ട് ഫൈനലിൽ ഇടം നേടിയത്.

✪✪✪

FIH ഹോക്കി പ്രോ ലീഗിൽ ഇന്ന് ഇന്ത്യൻ പുരുഷ വനിതാ ടീമുകൾ അർജന്റീനയെ നേരിടും. ഉച്ച കഴിഞ്ഞ് 3.15നാണ് വനിതാ ടീമുകളുടെ മത്സരം. രാത്രി 10 നാണ് പുരുഷ ടീമുകളുടെ പോരാട്ടം.

ഇന്നലെ ഇരു ടീമുകളും ആതിഥേയരായ ബെൽജിയത്തിനോട് പരാജയപ്പെട്ടിരുന്നു.

✪✪✪

ജപ്പാനിലെ കോബെയിൽ ലോക പാരാ അത്‌ലറ്റിക് ചാമ്പ്യൻഷിപ്പിൽ ഇന്ത്യയുടെ സിമ്രാൻ ശർമ സ്വർണം നേടി. ആറു സ്വർണം ഉൾപ്പെടെ 17 മെഡലുമായി ഇന്ത്യ പോയിന്റ് പട്ടികയിൽ ആറാം സ്ഥാനത്താണ്.

✪✪✪

കർണാടകയിലെ ഹാസനിൽ കാറും ട്രക്കും കൂട്ടിയിടിച്ചുണ്ടായ അപകടത്തിൽ ഒരു കുഞ്ഞും മൂന്ന്

സ്ത്രീകളുമടക്കം ഒരു കുടുംബത്തിലെ 6 പേർ മരിച്ചു. ഹാസനിലെ ഇച്ചനഹള്ളിയിലാണ് അപകടമുണ്ടായത്. ചിക്ബല്ലാപുര സ്വദേശികളാണ് മരിച്ചത്. മംഗലാപുരത്ത് ചികിത്സയിൽ കഴിയുന്ന ബന്ധുവിനെ സന്ദർശിച്ചു മടങ്ങുകയായിരുന്നു സംഘം.

✪✪✪

കോഴിക്കോട് ഉള്ള്യേരിയിൽ ലോറിയും ബൈക്കും കൂട്ടിയിടിച്ച് ഒരാൾ മരിച്ചു. മുണ്ടോത്ത് പറാട്ടാം പറമ്പത്ത് അഭിഷേകാണ് മരിച്ചത്.

✪✪✪

കണ്ണൂർ പെരിങ്ങോം പോത്താങ്കണ്ടം ആനന്ദഭവനം സംഘടിപ്പിക്കുന്ന 19-ാമത് തുരീയം സംഗീതോത്സവം ചൊവ്വാഴ്ച ആരംഭിക്കും. 41 ദിവസം നീളുന്ന സംഗീതോത്സവത്തിന് പണ്ഡിറ്റ് ഹരിപ്രസാദ് ചൗരസ്യയുടെ പുല്ലാങ്കുഴൽ കച്ചേരിയോടെയാണ് തുടക്കമാവുകയെന്ന് ആനന്ദ ഭവനം മേധാവി സ്വാമി കൃഷ്ണാനന്ദ ഭാരതി അറിയിച്ചു.

✪✪✪